"ഭരണഭാഷ-മാതൃഭാഷ"

നമ്പർ: F4-39059/10.

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി : 12-12-2012.

# സർക്കുലർ

വിഷയം: സാമൂഹ്യനീതി വകുപ്പ്- പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടാത്ത മിശ്രവിവാഹിതർക്കുള്ള ധനസഹായം-അപേക്ഷാ സമർപ്പണം-സമയപരിധി പാലിക്കുന്നത്- സംബന്ധിച്ച്-

സൂചന:
1. 21.06.2012 തീയതിയിലെ 1151/C1/12/സാ.ക്ഷേ.വ നമ്പർ സർക്കാർ കത്ത്.
2. ജി.ഒ(എം.എസ്)5/2002/സാ.ക്ഷേ.വ തീയതി: 24.4.2002.
3. 18.10.2010 തീയതിയിലെ സാമൂഹ്യനീതി ഡയറക്ടറുടെ F2-39059/10 നമ്പർ സർക്കുലർ.
4. മിശ്രവിവാഹ സമിതിയുടെ തീയതി: 1.8.12-ലെ 45/2012- ാം നമ്പർ കത്ത്.

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടാത്ത മിശ്രവിവാഹിതരായ ദമ്പതിമാർക്ക് മിശ്രവിവാഹധനസഹായം ലഭിക്കുന്നതിന് അപേക്ഷാസമർപ്പണത്തിനുള്ള സമയപരിധിയെ സംബന്ധിച്ച് വിവിധ തലങ്ങളിൽ ആശയക്കുഴപ്പം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. കൂടാതെ സൂചന (3) പ്രകാരമുള്ള സർക്കുലർ ഖണ്ഡിക (3)-ൽ പ്രതിപാദിക്കുന്ന സമയപരിധിയെ സംബന്ധിച്ച് സ്പഷ്ടീകരണവും സൂചന (4) പ്രകാരം മിശ്രവിവാഹസമിതി ആവശ്യപ്പെട്ടിരിക്കുന്നു.

ധനസഹായത്തിനുവേണ്ടിയുള്ള പൂരിപ്പിച്ച അപേക്ഷാഫാറം അനുബന്ധരേഖകളോടൊപ്പം വിവാഹ ശേഷം ഒരു വർഷം കഴിഞ്ഞ് രണ്ടു വർഷത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ വ്യക്തമായ കാരണങ്ങളുണ്ടെങ്കിൽ മൂന്നു വർഷം വരെയുള്ള അപേക്ഷകൾ പരിഗണിക്കാവുന്നതാണ്. കഴിഞ്ഞ ഒരു വർഷമായി ദമ്പതികൾ ഒരുമിച്ച് താമസിച്ചു വരികയാണെന്നുള്ള കോ-ലിവിംഗ് സർട്ടിഫിക്കറ്റും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള അല്ലെങ്കിൽ സ്പെഷ്യൽ മാര്യേജ് ആക്റ്റ് പ്രകാരമുള്ള വിവാഹ

രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും, വില്ലേജ് ആഫീസിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റും മിശ്രവിവാഹ ദമ്പതിമാരുടെ ജാതി തെളിയിക്കാനുള്ള സർട്ടിഫിക്കറ്റും നിർബന്ധമായും സമർപ്പിച്ചിരിക്കേണ്ടതാണ്. കൂടാതെ നിശ്ചിത കാലാവധി കഴിഞ്ഞു സമർപ്പിക്കുന്ന അപേക്ഷകളിൽ കാലാവധി മാപ്പാക്കി നൽകാനുള്ള അപേക്ഷകൾ പരിഗണനാർഹമല്ലെന്ന് സൂചന (1) പ്രകാരം സർക്കാർ അറിയിച്ചിട്ടുള്ളതാണെന്ന വിവരവും അറിയിക്കുന്നു. ഇതു സംബന്ധിച്ച് എല്ലാ അങ്കണവാടി ജീവനക്കാർക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും അവബോധമുണ്ടാകത്തക്ക രീതിയിൽ ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകണമെന്നും നിർദ്ദേശിക്കുന്നു.

15/2/12

സാമൂഹ്യനീതി ഡയറക്ടർ

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും.
എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും.
എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും / അസിസ്റ്റന്റ് ഡയറക്ടർമാർക്കും.